**അൻവാറുൽ ഹസൻ. കെ.**
**ബി.എസ്.സി രണ്ടാം വർഷം കെമിസ്ട്രി**
**(മൊഴിമാറ്റം)**

# അപരിചിതൻ

ഖലീൽ ജിബ്രാൻ

*[അറുപത്തഞ്ച് വർഷങ്ങൾക്കു മുമ്പ് ദിവംഗതനായ അറബി സാഹിത്യകാരനാണ് "ഖലിൽ ജിബ്രാൻ" ഇന്ന് വിശ്വസാഹിത്യത്തിലെ പ്രഗത്ഭമതിയായ സിംബോളിക് കവിയായി ജിബ്രാൻ അംഗീകരിക്കപ്പെട്ടിരിക്കുന്നു. ജിബ്രാൻ "കവി" എന്ന പ്രശസ്തകൃതിയിലെ ഒരു ഭാഗമാണിത്.]*

ഞാൻ ഈ ലോകത്ത് ഒരു അപരിചിതനത്രെ. പരുഷമായ വിക്തതയും വേദനാ നിർഭരമായ ഏകാന്തതയും എന്റെ പ്രവാസത്തിൽ മുറ്റിനില്ക്കുന്നു ഞാൻ ഏകനത്രെ, പക്ഷെ, ആ ഏകാകിത്വത്തിൽ അജ്ഞാതമായ ഒരു സുന്ദര ലോകത്തെ ഞാൻ പര്യവേഷണം ചെയ്യുന്നു. ആ നിരുപണം എന്റെ നേത്രങ്ങൾ ഒരിക്കലും ദർശിച്ചിട്ടില്ലാത്ത, അതിവിദൂരവും അതിമനോഹരവുമായ ആ മായാലോകത്തിന്റെ സ്വപ്നങ്ങൾ എന്നിൽ കരുപ്പിടിപ്പിക്കുന്നു.

എന്റെ നാട്ടുകാർക്കിടയിൽ ഞാൻ അപരിചിതനാകുന്നു. എനിക്ക് മിത്രങ്ങളില്ല. ഒരു വ്യക്തിയെ കാണുമ്പോൾ ഞാൻ ആത്മഗതം ചെയ്യും. 'ഇവനാരാണ്'? ഏതു നിലക്കാണ് ഇവനെ ഞാനറിയുന്നത്? എന്നെ ഇവനുമായി ബന്ധപ്പെടുത്തിയ നീതി ഏത്?

ഞാൻ എനിക്കുതന്നെ അപരിചിതനത്രെ! എന്റെ നാവ് സംസാരിക്കുമ്പോൾ എന്റെ ശ്രവണപുടങ്ങൾ തന്നെ അതുകേട്ട് അമ്പരക്കുന്നു. എന്റെ അന്തരാത്മാവ് ചിരിക്കുന്നതും, കരയുന്നതും, ഭയപ്പെടുന്നതും ഞാൻ കാണുന്നു. എന്റെ അസ്തിത്വം എന്റെ സത്വത്തെ ചൊല്ലി അത്ഭുതപ്പെടുന്നു. എന്റെ ആത്മാവ് എന്റെ ഹൃദയത്തെ ചോദ്യം ചെയ്യുന്നു. പക്ഷെ കനത്ത നിശ്ശബ്ദതയാൽ അജ്ഞനായി ഞാൻ വർത്തിക്കുന്നു.

എന്റെ വിചാരങ്ങൾ എന്റെ ശരീരത്തിന് അപരിചിതങ്ങളത്രെ ഞാൻ കണ്ണാടിയുടെ മുമ്പിൽ നിൽക്കുമ്പോൾ, എന്റെ മുഖത്ത് ചിലതൊക്കെ ഞാൻ കാണുന്നു. എന്റെ ആത്മാവ് അത് കാണുന്നില്ല. എന്റെ അന്തഃസത്ത ദർശിക്കാത്തത് എന്റെ കണ്ണുകളിൽ ഞാൻ ദർശിക്കുന്നു.

മുഖരിതമായ നഗരത്തിലൂടെ ശൂന്യനേത്രനായി




ഞാൻ നടക്കുമ്പോൾ 'ഇതാ ഒരു കുരുടൻ തപ്പിനടക്കുവാൻ ഇയാൾക്ക് ഒരു വടികൊടുക്കാം'. എന്ന് ആർത്തുകൊണ്ട് കുട്ടികൾ എന്റെ പിന്നാലെ കൂടുന്നു. ഞാൻ അവരിൽ നിന്ന് ഓടിയകലുമ്പോൾ, പെൺകൊടികൾ എന്നെ പിടികൂടുന്നു. 'പാറ പോലുള്ള ബധിരൻ ഇയാളുടെ ചെവികളിൽ നമുക്ക് പ്രേമഗീതം നിറക്കാം' എന്ന് പറഞ്ഞ് കൊണ്ട് ആ കന്യകാവൃന്ദം എന്റെ വസ്ത്രത്തിന്റെ തലപ്പത്ത് പിടിച്ച് വലിക്കുന്നു. അവരിൽ നിന്നും ഞാൻ കുതറിയോടുമ്പോൾ വൃദ്ധ ജനങ്ങൾ അവരുടെ വിറക്കുന്ന വിരലുകൾ എന്റെ നേരെ ചൂണ്ടികൊണ്ട് പറയുന്നു. അതാ, അവൻ ഒരു ഭ്രാന്തനാണ്, മായാലോകത്ത് ബുദ്ധിമോശം സംഭവിച്ച മായാഭ്രാന്തൻ.

***ഷഫീഖ് അലി.എം.പി***

***ഒന്നാം വർഷം പ്രീ ഡിഗ്രി***

# ഭ്രാന്തൻമാർ

അയാൾ നടന്നു. തന്നെ പിന്തുടർന്ന നിഴലിന്റെ ശിരസ്സിൽ ആഞ്ഞു ചവിട്ടാൻ അയാൾ ശ്രമിച്ചു. നിരാശയോടെ അയാൾ ഓരോ ശ്രമത്തിൽ നിന്നും പിൻവാങ്ങി.

ചീവീടുകളുടെ ശബ്ദം കാതിൽ തറച്ചു അയാൾ തന്റെ ചെവിപൊത്തി. തൊട്ടടുത്ത പള്ളിപ്പറമ്പിലെ, ഖബറിടങ്ങളിലെ മീസാൻ കല്ലുകൾ അയാളെ നോക്കി ചിരിച്ചു. അതിനു പ്രത്യുത്തരമായി അയാൾ പൊട്ടിപ്പൊട്ടിച്ചിരിച്ചു. ഉറങ്ങിക്കിടന്നിരുന്ന മനുഷ്യ മനസ്സുകളിലെ അഗാധതലങ്ങളിലേക്ക് അയാളുടെ ശബ്ദം ചെന്നെത്തി.

കിടക്കപ്പായയിൽ കിടന്ന് അയാളെ ശപിച്ചുകൊണ്ട് അവർ പറഞ്ഞു.

"നാശം അത് ആ ഭ്രാന്തനാണ്!"

തൊട്ടടുത്ത ദേവാലയത്തിൽ നിന്നും 'പാതിരാമണി' മുഴങ്ങി അപ്പോൾ അയാൾ മുട്ടുകുത്തി കർത്താവിനെ സ്തുതിച്ചു.


അറിയാതെ, മയങ്ങിപ്പോയ അയാൾ ഉണർന്നത് 'ബാങ്ക് വിളി' കേട്ടുകൊണ്ടാണ്. കിടന്നിരുന്ന സ്ഥലത്ത് നിന്നും എഴുന്നേറ്റ് നമസ്ക്കരിക്കാനാരംഭിച്ചു.

ക്ഷേത്രത്തിൽ നിന്നുമുയർന്ന 'ഓങ്കാര' നാദത്തിൽ അയാൾ ലയിച്ചുപോയി. കരുണാമയനായ ഈശ്വരനുമുന്നിൽ അയാൾ കുറച്ചുനേരം ധ്യാനിച്ചിരുന്നു.

പട്ടണത്തിൽ വിദ്വേഷത്തിന്റെ തീപ്പൊരികൾ ആളിക്കത്തുകയാണ്. അണയ്ക്കുവാനാളില്ലാതെ സ്വയം അണയാതെ, അത് കത്തിയെരിയുന്നു.

"സംയമനം പാലിക്കുക" എന്ന് ജനങ്ങളോട് ആജ്ഞാപിച്ച് ആനന്ദലബ്ധിയിലുറങ്ങുന്ന രാഷ്ട്രീയ നേതാക്കൾ. കിട്ടിയ അവസരം മുതലെടുത്ത് അഴിഞ്ഞാടുന്ന സാമൂഹ്യദ്രോഹികൾ....

ഓം ശാന്തി! ശാന്തി! അയാൾ പട്ടണത്തിലൂടെ പാഞ്ഞു നടന്നു.




"പിടിക്കവനെ!"

അയാളുടെ മുന്നിലേക്ക് ചാടി വീണ അവർ ആജ്ഞ പിച്ചു

ഒന്നാമൻ അയാളുടെ തൊപ്പി എടുത്തുമാറ്റി. "ഇ മുസൽമാനാണ്. കൊല്ലിവനെ!"

രണ്ടാമൻ കഴുത്തിൽ നിന്നും കുരിശുമാല വലിച്ച

"ഇയാൾ ക്രൈസ്തവനാണ്, ഇവനെ വിടരുത്"

മൂന്നാമൻ അയാൾ ധരിച്ചിരുന്ന കാഷായ വസ് ഴിച്ച് ചന്ദനക്കുറി നെറ്റിയിൽ നിന്നും അടർത്തിക്കൊ പറഞ്ഞു.

"ഇയാൾ ഹിന്ദുവാണ് ഇവന്റെ കഴുത്തുറയ്ക്കണ

അവരുടെ നേരെ നോക്കി പൊട്ടിച്ചിരിച്ചുകൊ അയാളെന്തോ പറയാൻ മുതിരുകയായിരുന്നു.

അപ്പോഴേക്കും ബാങ്കിന്റെ മാറ്റൊലിയിൽ, ശംഖ ദത്തിന്റെ മനോഹാരിതയിൽ മണിമുഴക്കത്തിന്റെ ല യിൽ അയാൾ യാത്രയായി...

*വി. ദിലീപ്*

*ഒന്നാം വർഷം ബി.എ.മലയാളം*

# ചികിത്സ

"അനന്തനാരായണൻ പുകവലിക്കുമോ?"

"ഇല്ല"

"അത്യാവശ്യം മദ്യപാനം?"

"അയ്യോ, ഇല്ല"

"സ്ത്രീവിഷയങ്ങളിലെങ്ങനെ?"

"അയ്യയ്യോ, അങ്ങനെ ചിന്തിക്കുന്നതു തന്നെ സങ്കടമാണു സാർ-"

"എങ്കിൽ എന്താണു പ്രശ്നമെന്നു പറയൂ-"

-സൈക്യാട്രിസ്റ്റ് തന്റെ മെലിഞ്ഞു നീണ്ട വിരലുകൾ കൂട്ടിപിടിച്ച് മേശപ്പുറത്തൊരു ഇടി ഇടിച്ചു. ഒരു സൈക്യാട്രിസ്റ്റ് ഒരിക്കലും അങ്ങനെ വികാരാധീനനാകാൻ പാടില്ലാത്തതാണ്. പക്ഷേ ആയിപ്പോയി.

അല്ല, ആകാതിരിക്കുമോ?

എത്ര മാസങ്ങളായി തുടങ്ങിയ പരിപാടിയാണിത്? കാണുന്നവർ കാണുന്നവർ ചോദിക്കാൻ തുടങ്ങിയിരിക്കുന്നു,

"നമ്മുടെ അനന്തനാരായണൻ രക്ഷപ്പെടോ?"

മറുപടി പറഞ്ഞു മടുത്തു

തന്റെ രീതിയനുസരിച്ച് ഒന്നോരണ്ടോ ആഴ്ച മതി ഇത്തരം പ്രശ്നങ്ങളൊക്കെ സോൾവ് ചെയ്യാൻ,

പക്ഷേ-

ഇത്, ഒരു വല്ലാത്ത വിഷമമാണ് ഉണ്ടാക്കുന്നത്. പേഷ്യന്റ് മുഴുവട്ടനാണെന്ന് തിരിച്ചറിഞ്ഞെങ്കിലും ഒന്നും ചെയ്യാൻ കഴിയുന്നില്ല.

അനന്തനാരായണനെ കണ്ടു കണ്ടു മടുത്തപ്പോൾ ഒരു ദിവസം സൈക്യാട്രിസ്റ്റ് സ്വന്തം മനഃസാക്ഷിയെ തന്നെ ചോദ്യം ചെയ്തു.

അപ്പോഴാണു പ്രശ്നം മനസ്സിലായത്!

പ്രത്യേകിച്ചു കാരണമൊന്നുമില്ലെങ്കിലും ചിലകാരണങ്ങൾ ഉണ്ടാക്കി, താൻ അനന്തനാരായണന്റെ ചികിത്സ നീട്ടിക്കൊണ്ടുപോകുകയായിരുന്നു.

അനന്തനാരായണനെ ചികിത്സിക്കാൻ തനിക്കു താല്പര്യമില്ല!

പക്ഷേ എന്തുകൊണ്ട്?

പഠിച്ച പണി പതിനെട്ടും പയറ്റിയിട്ടും സൈക്യാട്രിസ്റ്റിന് തന്റെ മനസ്സിൽ നിന്നും അതിനുത്തരം കണ്ടെടുക്കാനായില്ല.

ശല്ല്യം !

എന്തൊരു ദുരിതമാണിത്?

ആകെ ടെൻഷനടിച്ചിരിക്കുന്ന സമയം- പേഷ്യന്റിന്റെ സ്വഭാവനിരൂപണം ഒന്നുകൂടി ക്ലിയറാക്കാനാണ് അനന്തനാരായണന്റെ ഭാര്യയെ വിളിപ്പിച്ചത്. പക്ഷേ, എന്തു ചോദിച്ചിട്ടും ഒരക്ഷരം മിണ്ടിയിട്ടു വേണ്ടേ ആ സ്ത്രീ.

എങ്ങനെ ദേഷ്യം വരാതിരിക്കും.?

സൈക്യാട്രിസ്റ്റ് പതുക്കെ എഴുന്നേറ്റു. മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും വെറുതെ ചുറ്റിനടക്കാൻ തുടങ്ങി. ഇടയ്ക്കിടയ്ക്കു കാലുകൾ നിലത്ത് ആഞ്ഞുചവിട്ടുന്നുണ്ട്. മെലിഞ്ഞു നീണ്ട വിരലുകൾ വെറുതെ ചുരുട്ടി കൂട്ടുന്നുണ്ട്. മൊത്തത്തിൽ ഒരു പൊറുതികേട്!

"സാർ -"

പെട്ടെന്നാണ് അനന്തനാരായണന്റെ ഭാര്യ സൈക്യാട്രിസ്റ്റിനെ വിളിച്ചത്. പക്ഷേ സൈക്യാട്രിസ്റ്റ് ആദ്യത്തെ വിളികേട്ടില്ല.

"സാർ, സാർ-"

"ഹെന്താ, ഹെന്താണെന്ന്?"

സൈക്യാട്രിസ്റ്റ് ഒച്ചയിട്ടു

അദ്ദേഹത്തിനു വിയർക്കുന്നുണ്ടായിരുന്നു. ചുകന്ന ഉണ്ടക്കണ്ണുകൾ മിഴിച്ച് അദ്ദേഹം അനന്തനാരായണന്റെ ഭാര്യയെ നോക്കി.

തികഞ്ഞ ശാന്തതയോടെയാണ് അവർ സംസാരിക്കാൻ തുടങ്ങിയത്.

"സാർ, അദ്ദേഹത്തിന് രോഗം കൂടുതലായതിന്റെ ഒരാഴ്ചമുമ്പു നടന്ന ഒരു സംഭവം ഞാനോർക്കുന്നു-"

"എന്താണ്, എന്താണ് പറയൂ?"

-സൈക്യാട്രിസ്റ്റ് ചീടിയെഴുന്നേറ്റു.

"സാർ, അന്നൊരു ഞായറാഴ്ചയായിരുന്നു..."

"സ്പീഡിൽ പറയൂ, സ്പീഡിൽ പറയൂ..."

സൈക്യാട്രിസ്റ്റ് ഇരിക്കപ്പൊറുതിയില്ലാതെ ചാടിനടന്ന് മുറിയിലെ വാതിലും ജനലുമെല്ലാം മലർക്കെ തുറന്നിട്ടു. കാറ്റു നല്ലവണ്ണം കിട്ടട്ടെ.

"അടുക്കളയിൽ ഞാനെന്തോ പണിയിലായിരുന്നു. അപ്പോഴാണ് അദ്ദേഹം പുറകിൽ കൂടിവന്ന് എന്നെ പിടിച്ചുമാറ്റിയത്..."

"ഹെന്നിട്ട്....?"

"എന്നിട്ട്.....എന്നിട്ടദ്ദേഹം തന്നെ ചായയുണ്ടാക്കി. ഒരു കപ്പ് എനിക്കുതന്നു"

സൈക്യാട്രിസ്റ്റ് അലസമായി ഒന്നു ചിരിച്ചു.

"ഹിതാണോ പറഞ്ഞുവന്നത്, ഹിതിലെന്ത് അത്ഭുതം ഇതു മിക്ക സിനിമകളിലുമില്ലേ?"

സൈക്യാട്രിസ്റ്റിന്റെ ചിരി അനന്തനാരായണന്റെ ഭാര്യയെ ദേഷ്യം പിടിപ്പിച്ചു. അവർ ദേഷ്യത്തോടു കൂടി തന്നെ ബാക്കിപൂരിപ്പിച്ചു.

"സാർ അതിനുശേഷം എല്ലാ ദിവസങ്ങളിലും അദ്ദേഹം തന്നെയാണ് പതിവായി ചായയുണ്ടാക്കാറ്"

"ആങ്ഹാ"

സൈക്യാട്രിസ്റ്റ് ഒന്നു നിവർന്നിരുന്നു.

"അദ്ദേഹം തന്നെയാണ് ഞങ്ങളുടെ ഇരുവരുടെയും വസ്ത്രങ്ങളലക്കാറ്"

"അദ്ദേഹം തന്നെയാണ് വീട് അടിച്ചുവാരുകയും വൃത്തിയാക്കുകയുമൊക്കെ ചെയ്യാറ്..."

തുടർന്ന് അനന്തനാരായണന്റെ ഭാര്യ കരയാൻ തുടങ്ങി.

"നിങ്ങൾ ....നിങ്ങൾ എതിർക്കാറില്ലേ?"

പെട്ടെന്ന്, സൈക്യാട്രിസ്റ്റ് ചോദിച്ചു.

"എതിർത്തിട്ട് ഒരു പ്രയോജനവുമില്ല. അദ്ദേഹം എന്റെ ജോലികൾ ചെയ്യും. അദ്ദേഹത്തിന്റെ ജോലി ഞാൻ ചെയ്യണമെന്ന് പറഞ്ഞ് ഒരു നാൾ അദ്ദേഹമെന്നെ ഓഫീസിൽ കൊണ്ടുചെന്നാക്കുകയും ചെയ്തു"

കരച്ചിലിനിടയിൽ അവർ ഇത്രയും പറഞ്ഞൊപ്പിച്ചു.

ഇത്രയും കേട്ടപ്പോൾ സൈക്യാട്രിസ്റ്റ് ഒരു കാര്യം ആലോചിച്ചു. കവലയിലെ പലചരക്കുകടക്കാരൻ അനിൽ പറഞ്ഞത്. സാധനം വാങ്ങിയാൽ അനന്തനാരായണൻനായർ പണം കൊടുക്കില്ലത്രേ.

പിന്നെ,

അനന്തനാരായണന്റെ ഓഫീസിലെ ക്ലാർക്ക് പറഞ്ഞത്

രണ്ടുമാസമായി അനന്തനാരായണൻ നായർ ശമ്പളം വാങ്ങിയിട്ട്. ജോലിക്ക് പ്രതിഫലം വേണ്ടെന്ന് പറഞ്ഞുവത്രേ.

പിന്നെയും പലരും പലതും പറഞ്ഞിട്ടുണ്ട്. അനന്തനാരായണന് വട്ടുപിടിച്ച കാര്യം നാട്ടുകാർക്കൊക്കെ അറിയാം. അതൊന്നുസുഖമാകാൻ അവരെല്ലാവരും ആഗ്രഹിക്കുന്നുണ്ട്. അതിനു സഹായകമായ പല വിവരണങ്ങളും അവർ ഓരോരുത്തരായി വന്ന് സൈക്യാട്രിസ്റ്റിനെ രഹസ്യമായി കണ്ടു പറഞ്ഞിട്ടുമുണ്ട്.

ഞെട്ടിപ്പിക്കുന്ന കഥകൾ പലതും പുറത്തുവന്നു! വഴിയരികിലെ പെട്ടിപ്പീടികയിൽ തൂക്കിയിട്ട പൈങ്കിളിവാരികകൾ മുഴുവൻ അനന്തനാരായണൻ വലിച്ചെറിഞ്ഞത്, നിരത്തുവക്കിൽ കണ്ട ചപ്പുചവറുകൾ യാതൊരു ലജ്ജയുമില്ലാതെ പരസ്യമായി നീക്കം ചെയ്തത്, ചുവരുകളിൽ കണ്ട 'അനാവശ്യ' പോസ്റ്ററുകൾ വലിച്ചു കീറിയത്, നാടിനെ വിറപ്പിക്കുന്ന സ്ഥലത്തെ പ്രധാന മാന്യനെ പരസ്യമായി തെറിപറഞ്ഞ് മുഖത്തു തുപ്പിയത്...

അങ്ങനെ പലതും!

മനഃശാസ്ത്രപരമായി ചിന്തിച്ചുവന്നപ്പോൾ എല്ലാം ഭ്രാന്താണ്.

മുഴുഭ്രാന്തിന്റെ ലക്ഷണങ്ങൾ!

ഒരു സംശയവുമില്ല, അനന്തനാരായണനു ഭ്രാന്താണ്. നാട്ടുകാർക്കു സംശയമില്ല, എന്തിന് അനന്തനാരായണന്റെ ഭാര്യയ്ക്കുപോലും അതിൽ സംശയമില്ല. എല്ലാവരുടെയും ആവശ്യം ഒന്നാണ്.

അനന്തനാരായണനെ ഒന്നു നേരെയാക്കിത്തരണം–

പക്ഷേ–

സൈക്യാട്രിസ്റ്റിനു വിയർക്കാൻ തുടങ്ങി.

പൊതുജനം ഒരിക്കലു അംഗീകരിക്കാൻ സാധ്യതയില്ലാത്ത സിദ്ധാന്തങ്ങൾ സൈക്യാട്രിസ്റ്റ് മെനഞ്ഞെടുക്കുകായയിരുന്നു. ചൂടു പിടിച്ച തലച്ചോറുകൊണ്ട് ഒരു ലോകം തന്നെ അദ്ദേഹം മെനഞ്ഞെടുത്തു. അതിൽ ഒരു കനകസിംഹാസനം സ്ഥാപിച്ചു. അതിനുമുകളിൽ അനന്തനാരായണനെ അവരോധിച്ചതിനുശേഷം അനന്തനാരായണനു മാത്രം ഭരിക്കാനുള്ള കുറച്ചു പ്രജകളേയും സൃഷ്ടിച്ചു.

എല്ലാവർക്കും ഒരേ നിറം, ഒരേ മുഖഛായ, ഒരേ സ്വഭാവം.

അന്തരീക്ഷത്തിനു തണുപ്പ്

ചൂടുപിടിച്ച വായുകടന്നുവരാൻ സാദ്ധ്യതയുള്ള വാതിലുകളും ജനലുകളും വലിച്ചടക്കപ്പെട്ടു. പതഞ്ഞു പൊങ്ങിക്കൊണ്ടിരുന്ന ശബ്ദഘോഷം അടഞ്ഞവാതിലുകൾക്കു പിന്നിൽ നിശ്ശബ്ദമായപ്പോൾ,

എല്ലാം കണ്ടുപേടിച്ചു വിറച്ചു നിന്നിരുന്ന ആ സ്ത്രീയോട് അദ്ദേഹം അലറി

"ഭർത്താവിനു സുഖമായി, കൊണ്ടുപൊയ്ക്കോളൂ"

പിന്നെയും സംശയിച്ചു നില്ക്കുകയാണ് അനന്തനാരായണന്റെ ഭാര്യ.

"കൊണ്ടുപൊയ്ക്കോളൂ. ഭർത്താവിന് അസുഖമൊന്നുമില്ല" പരമാവധി ശബ്ദത്തിൽ അദ്ദേഹം കൂവിവിളിച്ചു.

അനന്തനാരായണന്റെ ഭാര്യ പിന്നെയും അങ്ങനെ തന്നെ നിന്നു.

ഈ സ്ത്രീക്കെന്താ വട്ടുപിടിച്ചോ? ഇവർക്കിവരുടെ ഭർത്താവിനെ ഇഷ്ടമല്ലേ?


എന്തൊരു പൊറുതി കേടാണിത്?

സൈക്യാട്രിസ്റ്റ് അസഹ്യതയോടെ പെട്ടെന്നു മുറിയിൽ നിന്നും ഇറങ്ങിപ്പോയി.

*വഫ റിയാലു*

***ഒന്നാം വർഷം ബി.എ. സോഷ്യോളജി***

# ചുവന്ന റോസാപ്പൂവ്




മഞ്ഞുപുതച്ച നഗരം

അപ്പോളോ ആശുപത്രിയിൽ ഡോ. അനുപമ ബാലകൃഷ്ണൻ എന്ന് ഒരു ബോർഡിൽ വലുതാക്കി എഴുതി വെച്ചിരിക്കുന്നു.

ഡോക്ടറുടെ മുറിക്കുമുന്നിൽ രോഗികളുടെ നീണ്ട നിര

പതിവുപോലെ

ഇന്നവർക്ക് പ്രധാനപ്പെട്ടൊരു ഓപ്പറേഷൻ നടത്താനുണ്ട്. അരമണിക്കൂറുണ്ട്. കൈയിലിരിക്കുന്ന കണ്ണട മേശപ്പുറത്തുവെച്ച് അവരുടെ കണ്ണുകളിലപ്പോൾ ഒരാളിന്റെ ചിത്രം തെളിഞ്ഞു.

മഹേഷ് –

താൻ തിരഞ്ഞെടുത്ത തൂലികസുഹൃത്ത്? വിദഗ്ദയായ ഡോക്ടറാവു അതിനിടയിൽ നഷ്ടപ്പെട്ടതോ അമൂല്യമായ ജീവിതവും പരസ്പരം ദുഃഖങ്ങളും, സന്തോഷങ്ങളും പങ്കുവക്കുമ്പോൾ അതിൽ നിന്നു കിട്ടുന്ന നിർവൃതി. സ്നേഹസമൃദ്ധമായ ഒരു നോട്ടം

അതെല്ലാം തനിക്കന്യമാണല്ലോ

അതായിരിക്കാം മഹേഷിന് മുന്നിൽ താൻ

അരുന്ധതി മേനോനായി തീരാൻ കാരണം.

അപ്പോളോ ജനറൽ ആശുപത്രിയിലെ ഒരു സാധാരണ ജീവനക്കാരി അരുന്ധതി മേനോൻ

മഹേഷിന്റെ കൃതികൾ, കവിതകൾ എന്നിവയെ പ്രശംസിക്കുന്നതിലൂടെ തുടങ്ങിയ ബന്ധം.

വെറും എഴുത്തുകളിൽ മാത്രം ഒതുങ്ങിയിരുന്നു. എല്ലാ ആഴ്ചകളിലും താനെന്തിന് കത്തുകളയക്കുന്നു? എപ്പോളെങ്കിലും മഹേഷ് എഴുതുന്ന കത്തുകൾക്ക് വേണ്ടിയോ? അറിയില്ല.

അവന്റെ വാക്കുകൾ നിഷ്ക്കളങ്കമായ സ്നേഹത്തിന്റെ നേരിയ സ്പന്ദനങ്ങളായിരുന്നു.

മഹേഷിന് സാഹിത്യ അക്കാദമി അവാർഡു നേടിക്കൊടുത്ത 'ഒരു വേഴാമ്പലിന്റെ കഥ' തന്റെ ജീവിതം തന്നെയല്ലേ?

–വിദേശത്തുള്ള അച്ഛനമ്മമാർ

–അവരുടെ സ്നേഹമെന്തന്നറിഞ്ഞിട്ടില്ലാത്ത സൂസന്ന.

–സ്നേഹത്തിന്റെ സാന്നിധ്യത്തിനുവേണ്ടി വെമ്പുന്ന കൊച്ചുഹൃദയം

–അതുകൊടുത്ത ദേവന് തന്റെ ജീവിതം തന്നെ കാഴ്ചവെയ്ക്കുന്ന സൂസന്ന

സിസ്റ്ററുടെ ശബ്ദം മാഡം എല്ലാം റെഡി

ഓപ്പറേഷന് സമയമായിരിക്കുന്നു. മരണത്തിന്റേയും ജീവിതത്തിന്റേയും നിറമുള്ള രോഗി രക്ഷപ്പെടാനുള്ള സാദ്ധ്യത കുറവല്ലേ?

തന്റെ നഗരത്തിലെ മലയാള മണ്ഡലം അവാർഡ് "തൂവെള്ളച്ചിറകുള്ള പക്ഷികൾ" എന്ന കൃതിക്കായിരുന്നുവെന്ന് മഹേഷ് അറിയിച്ചിരുന്നു. അതിനായ് അവിടെ വരുന്നെന്നും.

മഹേഷ് ഒരു സുഹൃത്തിനപ്പുറം ആയിതീർന്നിരിക്കുന്നു എന്ന ഒരു തോന്നൽ

സൂസന്നയേയും, ദേവനേയും പോലെയല്ല പിന്നെ

ഓപ്പറേഷൻ ചെയ്തുകൊണ്ടിരിക്കുന്നുവെങ്കിലും മനസ്സ് മറ്റെവിടെയൊക്കെയോ ആയിരുന്നു. കൈകൾ യാന്ത്രികമായ് നീങ്ങുന്നു. മനസ്സ് മഹേഷിലേക്കും. കുറെ ക്കാലമായി കാത്തിരുന്ന ദിവസം –

മഹേഷുമായി ഒരു കൂടിക്കാഴ്ച

അതിനിതാ വഴിയൊരുങ്ങിയിരിക്കുന്നു. ഈശ്വരാ ഇനിയും പരീക്ഷിക്കരുതേ! ഓപ്പറേഷൻ കഴിഞ്ഞു. മന സ്സിൽ സന്തോഷം അതിന്റെ പാരമ്യത്തിലെത്തിയിരി ക്കുന്നു. ഇനി തടസ്സങ്ങളൊന്നുമില്ല. നേരിൽ കാണുന്ന സമയം

പരസ്പരം തിരിച്ചറിയുമ്പോൾ

സംസാരിക്കാൻ വാക്കുകൾ കിട്ടാതെ..

ആ ചിത്രം മനസ്സിൽ നിറഞ്ഞുനിൽക്കുന്നു.

ഈ ബന്ധം ഇനിയും നിലനിൽക്കുമോ?

ഇനി ഒരു നിമിഷം വൈകിക്കൂടാ.

കാണാൻ മനസ്സ് തിടുക്കം കൂട്ടുന്നു.

ബാഗെടുക്കാൻ മുറിയിൽ പോയപ്പോൾ മേശപ്പുറത്ത് ഒരു കത്തും, അതിനുമുകളിൽ രണ്ടു റോസാപ്പൂക്കളും കത്തുതുറന്നപ്പോൾ അതിലിങ്ങനെ കാണപ്പെട്ടു.

സ്നേഹപൂർവ്വം

മിസ്. അനുപമ ബാലകൃഷ്ണന്:

കത്തുകളിലെ വാക്കുകൾക്ക്

ആശംസകൾ, അനുമോദനങ്ങൾ

ഈ നഗരത്തിലെത്തിയത്

അവാർഡ് സ്വീകരണം

എന്നതിലുപരി

നേരിൽ കാണാൻ

ഒത്തിരി സംസാരിക്കാൻ

സമയം അനുവദിക്കുന്നില്ല

വൈകിട്ട് മടക്കയാത്ര

ഞാനറിയുന്നു ഡോ. അനുപമ ബാലകൃഷ്ണനിലെ

അരുന്ധതി മേനോനെ

അരുന്ധതി

അയക്കുന്ന അക്ഷരങ്ങൾക്ക്

ചുവന്ന

റോസാപ്പൂക്കളുടെ നിറമായിരുന്നു.

അതെ, ചുവന്ന, ചുവന്ന

റോസാപ്പൂക്കളുടെ നിറമായിരുന്നു.

സ്നേഹാദരങ്ങളോടെ.

മഹേഷ്

**അജിത് ടി.**
*രണ്ടാം വർഷം ബി.എ. ഇകണോമിക്സ്*

# മലമുകളിലെ നിധി

അയാൾ നടത്തം പകുതിയാക്കി. മുമ്പിൽ നീണ്ടു നിവർന്നു കിടക്കുന്ന വഴിയിലേക്കും പിന്നെ ഉയർന്നു നില്ക്കുന്ന മലയേയും നോക്കി. സായാഹ്ന സൂര്യൻ വഴിയിലാകെ ശോണിതവർണം ചൊരിഞ്ഞിരിക്കുന്നു. സൂര്യൻ സമയത്തെ ഓർമ്മിപ്പിച്ചു. തന്റെ യാത്ര ഒരു പകൽ പിന്നിട്ടിരിക്കുന്നു. രാത്രിയേറെയായാലും മല കയറണം. അയാളുറച്ചു. പിന്നെ മലമുകളിലെവിടെയോ ഉള്ള നിധി തേടണം. മലമുകളിലെവിടെയോ നഷ്ടമായ നിധി. ഒരു മരച്ചുവട്ടിൽ വിശ്രമത്തിനായിരുന്ന് അയാളോർത്തു.

ഗ്രാമത്തിൽ കൊയ്ത്തുത്സവം നടക്കുമ്പോഴാണ് എവിടെ നിന്നോ പറന്നെത്തിയ ഒരു വൃദ്ധൻ ഗ്രാമത്തോടാ നിധിയുടെ കഥ പറഞ്ഞത്. ചുറ്റും കൂടിയ ഗ്രാമീണരിൽ കല്പനയുടെ ചാരുതകൾ സമ്മാനിച്ചുകൊണ്ട് അയാളാ നിധിയെ വർണിച്ചു. "സൗഭാഗ്യങ്ങളുടെ നിറകുടമായ അത് ഇവിടെ സ്വർഗതുല്യമാക്കും."

"നിങ്ങളിൽ കെല്പുള്ളവരാരോ അവൻ നിധിതേടും. ഇവിടെ സ്വർഗമാക്കും."

മലമുകളിലെത്താനുള്ള വഴി അയാളൊരു രഹസ്യമൊഴിവാക്കു പോലെ പറഞ്ഞു.

പക്ഷെ, നിധി തേടാനാരും മുമ്പോട്ടുവന്നില്ല. ഗ്രാമീണർക്ക് തങ്ങളെ കുറിച്ചുണ്ടായിരുന്ന ദുരഭിമാനം ആത്മനിന്ദക്കു വഴിമാറി. തങ്ങൾക്ക് നിധി പ്രാപ്യമാവാനവർ പ്രാർത്ഥിച്ചു.

ഗ്രാമീണർ നിധിയുടെ ദിവ്യ കല്പനകൾ ചമച്ച് അവ തന്ന ഉന്മാദത്തിൽ ജീവിച്ചു.

അവരുടെ ഉന്മാദം അവരുടെ കൈക്കരുത്തിനെ കടമെടുത്തു.

പിന്നത്തെ വർഷം വിളവു മോശമായിരുന്നു. അപ്രാപ്യമായ നിധിയെക്കുറിച്ചുള്ള ഓർമയിൽ ഗ്രാമം അസ്വസ്ഥമായി.

വിത്തിറക്കേണ്ട കാലം വന്നു. ശൂന്യമായ കളപ്പുരകളിൽനിന്ന് ഗ്രാമത്തിലാദ്യമായി വറുതി ജന്മംകൊണ്ടു. അവിടെ നിന്നാണയാൾ യാത്ര തുടങ്ങുന്നത് ഗ്രാമത്തിന്റെ വിശ്വാസവും പേറി.

അരികെനിന്ന് മൃദുവായി വീശിയ കാറ്റിനൊപ്പം അയാൾ എഴുന്നേററു. ഇനി വിശ്രമം നിധി കണ്ടശേഷം അയാൾ മനസ്സിലുറച്ചു.

രാത്രിയിലെ കയറ്റം ക്ലേശകരമായിരുന്നു. കടുത്ത തണുപ്പും മഞ്ഞിന്റെ ഗാഢതയും നോവിച്ചുകൊണ്ടിരുന്നു. ആകാശം നക്ഷത്രങ്ങളാൽ പ്രകാശിതമായിരുന്നു. അവയുടെ നേരിയ വെളിച്ചത്തിൽ അയാൾ മലകയറി തുടങ്ങി. മുകളിലേക്ക് പോകുന്തോറും തന്റെ നടപ്പിന്റെ വേഗത കൂടുന്നതയാളറിഞ്ഞു. ഒടുവിൽ കയറ്റമവസാനിച്ചു. മലയുടെ മുകൾഭാഗം ശൂന്യമായിരുന്നു. മുമ്പുണ്ടായിരുന്ന വൃക്ഷങ്ങൾ കടപുഴകിയതിന്റെ അടയാളങ്ങൾ അയാൾ തിരിച്ചറിഞ്ഞു. വീണുകിടക്കുന്ന വൃക്ഷങ്ങൾക്കിടയിൽ അയാൾ നിധിയെ തിരഞ്ഞു. അവയ്ക്കിടയിൽ കണ്ട ഒരു പിച്ചളപാത്രം ഒരു നിമിഷമയാളെ അത്ഭുതപ്പെടുത്തി.

നിധി ! തങ്ങൾ കൊതിച്ചിരുന്നു മടുത്ത സൗഭാഗ്യം! ഒടുവിലത് നേടുന്നു.

അയാൾ ആ ശൂന്യതയിലും ആർത്തട്ടഹസിച്ചു.

വലിയ ഭാരം തന്നെയുണ്ടായിരുന്നു അതിന്. മടക്കയാത്ര തുടങ്ങുവാൻ അയാൾക്ക് തിടുക്കമായി. മലയുടെ ഇറക്കം മുഴുവൻ സാതൃപ്തമായ മനസ്സുമായയാൾ ആ വലിയ ഭാരമേന്തി നടന്നു. പിന്നെ ഒരു മരച്ചുവടോളവും.

വിശ്രമം ശരീരത്തിനായിരുന്നു. മനസ്സിൽ നിധിയുടെ കനത്ത ഭാരവും പ്രതീക്ഷകളും തത്തിക്കളിച്ചു. നിധി തുറന്നു നോക്കാനയാളുടെ ഹൃദയം തുടിച്ചു.

ചിന്തകൾക്കൊടുവിലയാൾ പാത്രം തുറന്നു. കണ്ണുകളെ അവിശ്വസിപ്പിച്ചുകൊണ്ട് പാത്രത്തിനകം ശൂന്യമായി കാണപ്പെട്ടു.

തികട്ടിവന്ന നടുക്കമെയാളിലൊരു ആർത്തനാദമായി മാറി.

കടുത്ത നിരാശയും ക്ഷോഭവും കലർന്ന ചിന്തകൾ ഹൃദയത്തെ ആട്ടിയുലച്ചു. രാത്രിയുടെ യാമങ്ങൾ പിന്നിട്ടപ്പോഴേയ്ക്കും എല്ലാം ഉള്ളിലൊതുക്കാൻ അയാൾ ശീലിച്ചു.

ഇനി....

തിരികെ ഗ്രാമത്തിലേക്കോ?

തന്നെ കാത്തിരിക്കുന്നവരീ വെറും കൈ കാണുമ്പോൾ?

അനന്തമായ ആകാശമോ അവയിൽ സൂര്യനെ എതിരേറ്റു പാറുന്ന കിളികളോ അതിനുത്തരം പറഞ്ഞില്ല.

കണ്ണെത്തുന്നിടം ചിതറികിടക്കുന്ന വൃക്ഷച്ചില്ലകൾക്കിടയിലൂടെ സൂര്യന്റെ ആദ്യകിരണങ്ങൾ അരിച്ചരിച്ചു വന്നു.

അയാളെഴുന്നേറ്റു.

മുമ്പിലെ നീണ്ട വഴിയിലേക്കു നോക്കി.

അയാൾ ഗ്രാമത്തിലേക്കു മടക്കയാത്ര തുടങ്ങുകയായിരുന്നു. പിന്നെ നിർവ്വികാരതയോടെ ഏതോ നിയോഗം പോലെ ആ പാഴ്‌വസ്തു ഏന്തിയ കൈകളെ നോക്കി.

പക്ഷേ, അതപ്പോൾ സൂര്യ കിരണങ്ങളാൽ പ്രശോഭിതമായിരുന്നു.

*സി.ഷിജു*
*മൂന്നാം വർഷം ബി.എസ്.സി. ബോട്ടണി*

# നൂൽപ്പാവ

ഒന്നാലോചിച്ചാൽ വാസു പറഞ്ഞത് ശരി തന്നെ. കൃഷ്ണജ നാട്ടിൽ തന്നെ കഴിയട്ടെ. അങ്ങനെയെങ്കിലും ബലിത്തറയിലെ കല്ലിനും രക്ഷസിനും വെളിച്ചം കിട്ടൂലോ. പിന്നെ തറവാട്ടിലെ ശിഷ്ഠധനമായ മുത്തപ്പനും, മുത്തശ്ശിയ്ക്കും ഒരു കൂട്ടുമായി.

അമ്മ പറഞ്ഞതു കേട്ടപ്പോൾ വിനയൻ ഉത്തരമൊന്നും പറഞ്ഞില്ല.

അല്ലേങ്കിലും കൃഷ്ണജയെ ബോംബെയ്ക്കു കൊണ്ടു പോണ്ടന്നതിന് പറയത്തക്കന്യായമൊന്നും തന്റെ പക്കലില്ല. അമ്മയെത്തന്നെ കൊണ്ടുപോയത് ഏറെ നിർബന്ധിച്ചാണ്.

പത്തു വർഷത്തെ ബോംബെ വാസത്തിനിടെ അവിടെ സമ്പാദിച്ച വീടും, ആശ്രിതരായി കഴിയുന്ന തമിഴത്തി പെൺകുട്ടികളും.

അമ്മ കൂടെയുണ്ടെങ്കിൽ സമാജത്തിന്റെ അശ്ലീല നാമകരണത്തിൽ നിന്ന് രക്ഷപ്പെടാം. മാത്രമല്ല അമ്മയെ ചികിത്സിക്കാനും ഏറെ ഉപകരിക്കും. അമ്മയുടെ രോഗത്തെപറ്റി ഇന്നേവരെ കൃഷ്ണജയോട് പറഞ്ഞിട്ടില്ല.

ട്രെയിൻ ടിക്കറ്റ് റിസർവ് ചെയ്യാൻ പോയ സഹദേവൻ പെട്ടന്ന് തന്നെ തിരിച്ചുവന്നിരിക്കുന്നു.

വിനയന് സമ്മൻസുണ്ട് അച്ഛന്റെ കേസിന്റെയാപൂർത്തിയാക്കിയത് വാസുവാണ്.

വാദിയും പ്രതിയും എല്ലാം ഒരു കൂട്ടർ തന്നെ....പിന്നെ താനോടിച്ച ലോറികൾക്കിടയിൽ പെട്ട് ചതഞ്ഞരഞ്ഞു മരിച്ച അച്ഛന്റെ മുഖം ഒരു കൊള്ളിയാൻ പോലെ വിനയന്റെ മനസിലൂടെ കടന്നുപോയി.

ഒരു കൊല്ലം ബോംബെല് നിന്നപ്പോ തന്നെ അമ്മയ്ക്ക് നാട്ടിൽ നിൽക്കാൻ തോന്നുന്നില്ല്യ

തമാശയുടെ രൂപത്തിലായിരുന്നെങ്കിലും കൃഷ്ണയുടെ ചോദ്യം അമ്മയെ അല്പനേരം ചിന്താകുലയാക്കി. ഉത്തരം പറയാനില്ലാത്ത ഒരു ചോദ്യം

"എന്താണ് വല്ല്യേട്ടാ ഈ ഡിപ്പസ് കോംപ്ലക്സ് ന്ന്വെച്ചാ?" ഉത്തരം പറഞ്ഞില്ല.

അതു സംഭവിക്കുമോ?

തീർച്ചയായും ....ഇല്ല

പക്ഷേ ചുവന്ന തെരുവിൽ

അത് വിശ്വസിക്കാതിരിക്കുക

സത്യത്തെ മൂടുപടം കൊണ്ട് മറയ്ക്കുക

അതെ

ഇരട്ടിപ്രായമുള്ള സുന്ദരിക്കുവേണ്ടി നാലുപേരെ കൊന്ന് ഒടുക്കം തുണ്ടം തുണ്ടമാക്കപ്പെട്ട റാണാസിംഗ് സുന്ദരി സ്വന്തം പെറ്റമ്മയായിരുന്നെന്ന് റാണ അറിഞ്ഞിരുന്നോ.

അതറിയുന്ന ഒരാൾ മാത്രം...റാണ തന്നെ അങ്ങനെ ഒരുപാട് റാണമാരും ഖാൻമാരും

"വാസൂന് ഒരു കല്യാണൊക്കെ വേണ്ടേ?"

പ്രസവിച്ചില്ലേലും മൂത്ത മോൻ നീയാണല്ലോ വിനയന് നാലുവയസുള്ളപ്പഴാ നിങ്ങടെ അമ്മ മരിച്ചത്. അന്ന് വാസൂന് ആറുവയസ്സാ"

അമ്മ പഴയ കഥകളൊക്കെ ഓർക്കണു

വേണ്ട.

കൃഷ്ണജയെ പ്രസവിച്ചതമ്മയാണെങ്കിൽ ഞങ്ങളും അമ്മയുടെ മക്കളാ..

എന്നാ അച്ഛന്റെ കേസ്?

വരുന്ന പതിനൊന്നിന്.

അപ്പോ..

ഇൻഷൂറൻസുകാരാ മുൻകൈ എടുത്തത്

ഹാജരായില്ലെങ്കിൽ അടുത്തു വരുന്നത് വാറണ്ടായിരിക്കും. വാസു ഓർമ്മിപ്പിച്ചു.

സാരമില്ല നമുക്കാ പൈസ വേണ്ട അമ്മ ചെല്ല് അവളുറങ്ങിക്കാണും

ഇന്ന് തറവാട്ടിൽ ചെല്ലണം മുത്തശ്ശനും മുത്തശ്ശിയും കാത്തിരിക്കന്നുണ്ടാവും.

പടികളിറങ്ങുമ്പോ മുത്തശ്ശി ഓർമ്മിപ്പിച്ചു

നേരത്തെ ഇങ്ങു പോന്നേക്കണം. കുഞ്ഞോറ്റയ്ക്കാ ഇവിടെ ഞങ്ങളെ ഇനി കണക്കാക്കിയിട്ട് കാര്യംണ്ടാവില്ല്യ വാസുവാണേല് ഇങ്ങോട്ടൊന്നും വരൂല.

വീടിന്റെ ഉമ്മറത്തു കേറുമ്പോൾ തന്നെ അമ്മയുടെ

മുഖത്തെ തളർച്ച കണ്ടു.

വീണ്ടും ഒരു തവണ ഡയാലിസിസ് ചെയ്താണ്.

ഓർത്തപ്പോൾ ഒരുൾക്കിടിലം. വാസു ടൗണിൽ പോയതാണ് കൃഷ്ണജ പുറത്തെങ്ങോ പോയിരിക്കുന്നു.

കൈകൾ ബലം പിടിക്കുന്നു.

അല്ല അമ്മയുടെ രോഗത്തിന്റെ പ്രകടനമല്ല അപസ്മാരം. മാസത്തിൽ ഒരു തവണയെങ്കിലും ഉണ്ടാവുന്നതാണ്. നെഞ്ചത്ത് അമർത്തി തടവിയാൽ പതുക്കെ ശമിച്ചോളും.

വാതിൽപ്പാളികൾ പതുക്കെ അടഞ്ഞു. അമ്മയുടെ മുഖത്തെ വിയർപ്പുകണങ്ങൾ പുതപ്പുകൊണ്ട് തുവർത്തി.

വാതിൽ പ്പാളികൾക്കിടയിലെ ചെറിയ നിഴലാട്ടം ശ്രദ്ധിച്ചില്ല

രണ്ടുതവണ

അമർത്തിതിരുമ്മും തോറും ബലം പിടിച്ച ശരീരം പതുക്കെ അയഞ്ഞുപോവുന്നു. മനസ്സിന് പൂർണ്ണ ആശ്വാസം.

വാസു ഇതുവരെ വന്നിട്ടില്ല

സിറ്റൗട്ടിൽ അച്ഛൻ പണ്ടുപയോഗിച്ചിരുന്ന ചാരുകസേരയിൽ കൃഷ്ണജയിരിക്കുന്നു.

എപ്പോൾ വന്നുവെന്നറിഞ്ഞില്ല

മുഖത്തെ നിർനിമേഷത

അതല്ല വൈരാഗ്യം പ്രകടിപ്പിക്കുന്ന മുഖം. എന്തേ?... എന്തുണ്ടായി?

"ന്യായീകരിക്കുമ്പോ ഈഡിപ്പസ് നിരപരാധിയാണല്ലോ"

"എന്തേ?.... നീയിത് മറന്നില്ലേ"

"അല്ല....ഓർത്തുപോയതാ... അമ്മയെ തരിച്ചറിയാതിരുന്നതിനാലല്ലേ പാവം."


നീ പറയുന്നത് ശരിയായിരിക്കും അങ്ങനെ യല്ലെങ്കിൽ ഈഡിപ്പസ് കണ്ണുകുത്തിപ്പൊട്ടിക്കുമായിരുന്നോ?

".....നീ പറയുന്നത്

"വിനയേട്ടന്റെ കോംപ്ലക്സ് എനിക്ക് നന്നായിമനസിലാവും പക്ഷെ...ഇല്ല...ഇതും..... വിധി. അല്ലേ?

**സുനിൽ.കെ.പി**

പ്രി. ഡി. ഗ്രി രണ്ടാം വർഷം




# പൈങ്കിളികൾ

സുമതിയുടെ കാര്യമാലോചിക്കുമ്പോൾ ഇന്നും ചുണ്ടിൽ അറിയാതെ ചിരി വിടരും. പൈങ്കിളിനോവലുകൾ എന്നുവെച്ചാൽ അവൾക്ക് ജീവനായിരുന്നു. കോളേജിൽ അവളുടെ പേരുപോലും 'പൈങ്കിളി' യെന്നായിരുന്നു. ആ 'പൈങ്കിളി' യുടെ വിവാഹം മൂന്നു നാലു മാസങ്ങൾക്കു മുമ്പാണ് കഴിഞ്ഞത്. വരൻ വിശ്വനാഥൻ. ആൾ ഒരു വലിയ ബുദ്ധിജീവിയായിരുന്നു. പൈങ്കിളി യെന്നു കേൾക്കുന്നതേ വെറുപ്പായിരുന്നു. പൈങ്കിളിക്കഥകൾ പ്രസിദ്ധീകരിക്കുന്ന വീക്കിലികൾ വാങ്ങുകയോ വായിക്കുകയോ ഇല്ല. അവൾക്ക് വിശ്വനാഥനോട് ദേഷ്യം തോന്നി. പക്ഷെ ഒരു മാസത്തിന്നുള്ളിൽ അവൾ തന്റെ പൈങ്കിളിയെ ഏതാണ്ടൊക്കെ മറന്ന മട്ടായി.

അങ്ങനെയിരിക്കെ ഒരു ദിവസം രാത്രി പത്തുമണിയായിട്ടും വിശ്വനാഥൻ ലൈറ്റിട്ട് എന്തോ വായിച്ചുകൊണ്ടിരിക്കുകയായിരുന്നു. സാധാരണ ഇത് പതിവില്ലാത്തതിനാൽ എന്താണെന്നറിയാൻ സുമതി എത്തിനോക്കി. അവൾക്ക് തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല. പൈങ്കിളി വിരോധിയായ തന്റെ ഭർത്താവ് ആയിടെ പ്രസിദ്ധീകരിച്ച ഒരു പൈങ്കിളിനോവൽ വളരെ രസത്തോടെ വായിച്ചുകൊണ്ടിരിക്കുന്നു. സുമതി മെല്ലെ ചുമച്ച് ശബ്ദമുണ്ടാക്കിയപ്പോൾ തിരിഞ്ഞുനോക്കിയ വിശ്വനാഥന്റെ മുഖം ഒന്നു കാണേണ്ടതു തന്നെയായിരുന്നുവത്രെ. എന്തായാലും അതിനുശേഷം വിശ്വനാഥന്റെ പൈങ്കിളി വിരോധം എല്ലാം മാറി. അത്ഭുതമല്ല ഈയിടെയായി വിശ്വനാഥൻ ചില പൈങ്കിളിക്കഥകൾ എഴുതാൻ കൂടിത്തുടങ്ങിയിരിക്കുന്നു.

കെ.എ.റഫീഖ്
രണ്ടാം വർഷം ബി.എ.അറബിക് & ഇസ്ലാമിക് ഹിസ്റ്ററി

# സമരങ്ങൾ

രാവിലെ എണീറ്റപ്പോൾ ഭയങ്കര തണുപ്പ്. അല്ലെങ്കിലും മകരത്തിന് മരംകോച്ചും തണുപ്പാണല്ലോ. കക്ക ചുടുമ്പോളുണ്ടാകുന്ന പുക പോലെ കട്ടപിടിച്ച മഞ്ഞ്. മടിച്ചു മടിച്ചാണെങ്കിലും പുഴക്കടവിലേക്ക് ചെന്നു. ചുണ്ടിൽ എരിയുന്ന സിഗരറ്റുമായി തണുപ്പുമാറ്റുന്ന പൂഴി തൊഴിലാളികൾ.

എന്നെ കണ്ടപ്പോൾ അവരുടെ മുഖത്ത് ഒരു ചിരി അത് പരിഹാസത്തിന്റെയാണോ? അല്ലെങ്കിലും എന്നെ പോലെയുള്ളവരോട് അവർക്ക് വെറുപ്പാണല്ലോ? ഞങ്ങളുടെ പുഴയുടെ സംരക്ഷണത്തിന് വേണ്ടി വാദിക്കുന്നവരിൽ ഞാനും പെടുമായിരുന്നു. അവർ തന്നെയാണല്ലോ ഞങ്ങളുടെ നാട്ടിലെ വായനശാല തുടങ്ങിയ പൂഴി സമരത്തെ പണം കൊണ്ടും സ്വാധീനം കൊണ്ടു തകർത്തത്. പക്ഷെ അവർ അതിന്റെ ഫലങ്ങൾ അനുഭവിക്കും എന്ന് ഞങ്ങൾക്ക് ഉറപ്പുണ്ടായിരുന്നു. ഞാൻ അവരിൽ നിന്നും അൽപ്പം മാറി പല്ലുതേക്കാൻ തുടങ്ങി നമ്പൂതിരി പൊടി കൊണ്ട് നിറഞ്ഞ വായ കഴുകി. കുളിയും കഴിഞ്ഞ് പുഴയിൽ നിന്നും കയറുമ്പോൾ പരിചയമില്ലാത്ത രണ്ടുപേർ കുളിക്കാൻ വന്നു. കൂട്ടത്തിൽ വന്ന എന്റെ സുഹൃത്തിനോട് ചോദിച്ചു.

" ഇവരൊക്കെ ഏതാ? "

" നമ്മുടെ അസിസ്ക്കാന്റെ അളിയനാ"

" പൂഴിമുതലാളി? "

" അതെ"

അപ്പോഴെക്കും അവർ കുളിക്കാനിറങ്ങിയിരുന്നു അവരെ ഒന്ന് പാളിനോക്കിയശേഷം ഞാൻ വീട്ടിലേക്ക് നടന്നു പോയി.

* * * *

മുദ്രാവാക്യത്തിന്റെ ശബ്ദം കേട്ടു. അതെ ഇന്നും പഠിപ്പ്മുടക്ക്. ഉടനെ ലോങ്ങ് ബെല്ല്

നാട്ടിൽ ബസ്സിറങ്ങുമ്പോൾ പതിവിന് വീപരീതമായി വലിയ ഒരു ജനക്കൂട്ടം. ബസ്സിറങ്ങി നേരെ കണ്ട ഒരാളോട് ചോദിച്ചു.




"ആരാ മരിച്ചത്? "

" അസീസ്കാന്റെ അളിയൻ രാവിലെ കുളിക്കാനിറങ്ങിയതാ "

ഒരു പ്രതികാരം ചെയ്തപ്പോലെ ഒഴുകുന്ന പുഴയിലേക്ക് നോക്കി ഞാൻ ചോദിച്ചു.

" വെള്ളം കുറവാണല്ലോ?"

" പറഞ്ഞിട്ടെന്താ പൂഴിയെടുത്ത കുഴിയിൽ വീണതാ"

**Contributed by :**
Salim Kodiyathoor

# STORY OF FOUR PEOPLE

This is the story about Four people named Everybody, Somebody, Anybody and Nobody. There was an important job to be done and everybody was sure that somebody would do it. Anybody could have done it but nobody did it.

Somebody got angry about that because it was everybody's job, everybody thought that anybody could do it, but nobody realised that Everybody would not do it. It ended up that everybody blamed Somebody, when actually nobody accused anybody.